(ബി) ഇവ പ്രവർത്തിപ്പിക്കുന്നതിനായി, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി.യിൽ അടയ്ക്കുവാൻ ഇറിഗേഷൻ വകുപ്പിന് തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ?

(സി) ഇല്ലെങ്കിൽ തുക അനുവദിച്ച് ഈ വിളക്കുകൾ ജനങ്ങൾക്ക് ഉപകാര പ്രദമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലം നിർമ്മാണം കഴിഞ്ഞതിനുശേഷം മൂന്നരമാസത്തോളം തെരുവു വിളക്കുകൾ പ്രവർത്തിച്ചിരുന്നു. എന്നാൽ പിന്നീട് KSEB വൈദ്യുതബന്ധം വിച്ഛേദിച്ചതിനാൽ തെരുവു വിളക്കുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ആവശ്യങ്ങൾക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

ഞാറക്കൽ, മുരിക്കുംപാടം എന്നിവിടങ്ങളിൽ 'ജിഡ്' ഫണ്ട് ഉപയോഗിച്ച് ടാങ്കുകളുടെ നിർമ്മാണം

144 (2353) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ജിഡ്' ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് നിർമ്മാണാനുമതി നൽകിയ ഞാറക്കൽ, മുരിക്കുംപാടം എന്നിവിടങ്ങളിലെ ടാങ്കുകളുടെ നിർമ്മാണം തടസ്സപ്പെട്ടുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രവർത്തനം തടസ്സപ്പെട്ടിട്ട് എത്ര നാളുകളായിയെന്ന് വ്യക്തമാക്കാമോ ;

(സി) വർഷങ്ങളായി അതിരൂക്ഷമായ ശുദ്ധജലക്ഷാമം നേരിടുന്ന വൈപ്പിൻദ്വീപു നിവാസികൾക്കായി തുടങ്ങിവച്ച പ്രസ്തുത പ്രവൃത്തിയുടെ പുരോഗതിയിൽ നേരിടുന്ന ഇരുതരമായ അനിശ്ചിതാവസ്ഥ പരിഹരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടിയെന്തെന്ന് വിശദീകരിക്കാമോ ;

(ഡി) കഴിഞ്ഞ രണ്ടുവർഷക്കാലത്തിനിടയ്ക്ക് എത്രമാത്രം പുരോഗതി പ്രസ്തുത പ്രവൃത്തിയിൽ ഉണ്ടായെന്ന് വിശദീകരിക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതു സംബന്ധിച്ച് വിവിധ ഉന്നതതല യോഗങ്ങളിൽ കരാറുകാരൻ നൽകിയ ഉറപ്പുകൾ പാലിക്കപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പുനരാരംഭിക്കുമെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുരിക്കുംപാടം ഞാറയ്ക്കൽ ഉപരിതല സംഭരണികളുടെ നിർമ്മാണം 9/14 മുതൽ മുടങ്ങിക്കിടക്കുകയാണ്.

(സി) അനിശ്ചിതാവസ്ഥ പരിഹരിക്കുന്നതിന് ജനപ്രതിനിധികളും ജില്ലാ കളക്ടറും പലതവണ അടിയന്തര യോഗങ്ങൾ വിളിച്ച് നിർമ്മാണം ഉടനടി പൂർത്തിയാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ കരാറുകാരന് വിവിധ കാര്യാലയങ്ങളിൽനിന്നും കത്തുകൾവഴി നിരവധി തവണ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനകം കരാർ കാലാവധി കഴിഞ്ഞതിനാൽ കരാർ വ്യവസ്ഥ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജ് ചുമത്തി 31-12-2015 വരെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കരാറുകാരൻ സമ്മതിച്ചിട്ടുള്ള പ്രോഗ്രാം ചാർട്ട് പ്രകാരമുള്ള പുരോഗതി ഉറപ്പ് വരുത്തി വീഴ്ച വരുത്തുന്നപക്ഷം ഉടൻതന്നെ പ്രവൃത്തി റദ്ദാക്കി, കരാറുകാരന്റെ ഉത്തരവാദിത്വത്തിലും ചിലവിലും പുനഃക്രമീകരണം നടത്തുമെന്ന ഉപാധിയോടെയാണ് കാലാവധി ദീർഘിപ്പിച്ച് നൽകിയിരിക്കുന്നത്. ഈ ജലസംഭരണികളുടെ നിർമ്മാണത്തിലുണ്ടായ താമസം ജലവിതരണത്തെ ബാധിക്കാതിരിക്കുവാനായി നേരിട്ട് ജലവിതരണ ശൃംഖലയിലേക്ക് വെള്ളം പമ്പ് ചെയ്ത് എത്തിക്കുന്നുണ്ട്.

(ഡി) ജലസംഭരണിയുടെ നിർമ്മാണത്തിന്റെ ഭാഗമായുള്ള പൈലിംഗ് ജോലികൾ സമയബന്ധിതമായി പൂർത്തീകരിച്ചതിനുശേഷം മുരിക്കുംപാടം ടാങ്കിന്റെ പകുതി പൈൽ ക്യാപ്പുകളുടെ നിർമ്മാണവും ഞാറയ്ക്കൽ ടാങ്കിന്റെ ഒന്നും രണ്ടും കോളങ്ങളുടെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്.

(ഇ) ഇല്ല. പ്രസ്തുത പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനായി വിവിധ ഉന്നതതല യോഗങ്ങളിൽ എടുത്ത തീരുമാനം അനുസരിച്ച് കരാറുകാരൻ ഒരു ബാർ ചാർട്ട് തയ്യാറാക്കി നൽകുകയുണ്ടായി. എന്നാൽ നിശ്ചിത ചാർട്ട് പ്രകാരം കരാറുകാരൻ പ്രവൃത്തികൾ നടത്താതിരിക്കുകയും നിർമ്മാണ കാലാവധി 31-3-2015-ൽ അവസാനിക്കുന്നതിനാൽ വീണ്ടും കരാർ കാലാവധി നീട്ടി കൊടുക്കുന്നതിന് അപേക്ഷിക്കുകയും ചെയ്തു. അത് പ്രകാരം ടി പ്രവൃത്തികളുടെ കാലാവധി 31-12-2015 വരെ ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ പിഴ ഈടാക്കി നീട്ടി കൊടുത്തിട്ടുള്ളതാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത പ്രവൃത്തികളുടെ കാലാവധി 22-6-2015-ലെ സപ്ലിമെന്ററി എഗ്രിമെന്റുകൾ പ്രകാരം ദീർഘിപ്പിച്ച് 31-12-2015 വരെ നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ കരാറുകാരൻ സമയബന്ധിതമായി തന്നെ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കൈനകരിയിലെ വെള്ളപ്പൊക്കദുരിതം

145 (2354) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൈനകരി പഞ്ചായത്തിൽ പ്ലാശ്ശേരി, പട്ടാളം, ഊരാളശ്ശേരി, അമ്പലം എന്നീ ദ്വീപുകളെ വെള്ളപ്പൊക്കത്തിൽ നിന്ന് സംരക്ഷിക്കുന്നതിനായി കല്ലുകെട്ടുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

കൈനകരി പഞ്ചായത്തിൽ പ്ലാശ്ശേരി, പട്ടാളം, അമ്പലം എന്നീ ദ്വീപുകളെ വെള്ളപ്പൊക്കത്തിൽ നിന്ന് സംരക്ഷിക്കുന്നതിനായി കല്ല് കെട്ടുന്നതിന് ശ്രീ. തോമസ് ചാണ്ടി എം.എൽ.എ-യിൽനിന്നും ലഭിച്ച അപേക്ഷ പ്രകാരം എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവർത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഊരാളശ്ശേരിയിൽ 110 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി 2014-15 വർഷത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്.

മൈലം-തലവൂർ പദ്ധതി

146 (2355) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷൻ നേതൃത്വത്തിൽ നടപ്പിലാക്കുന്ന മൈലം-തലവൂർ പദ്ധതിക്ക് അനുമതി ലഭിച്ചത് എന്നാണ് ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണ് ; നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എന്നാണ് ; വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ നടത്തിയ പ്രവൃത്തികൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly